തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പ്

63 (819) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നടത്തിപ്പിൽ കാലതാമസം വരുത്തുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) വനംവകുപ്പിന്റെ സഹായത്തോടുകൂടി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടുത്ത സാമ്പത്തിക വർഷം മുതൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി നിർദ്ദേശങ്ങൾ അവയുടെ ബഡ്ജറ്റിനോടൊപ്പം സമർപ്പിച്ച് അംഗീകാരം തേടുന്നതിനും ധനകാര്യവർഷത്തിന്റെ ആരംഭത്തിൽ തന്നെ പദ്ധതി നിർവ്വഹണം തുടങ്ങുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. മരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നല്കുന്നതിനുള്ള നടപടിക്രമം ലഘൂകരിക്കുന്നതാണ്. വാർഷിക പദ്ധതി വിഹിതം ഓരോ മാസവും നല്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

(സി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു†.

പഞ്ചായത്ത് രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ വരവിനങ്ങൾ യഥാസമയം പിരിച്ചെടുക്കുന്നതിന് നടപടി

64 (820) ശ്രീ. പി. ടി. തോമസ് :
ശ്രീ. എൻ. ശക്തൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് രാജ് നഗരപാലികാ സ്ഥാപനങ്ങൾ അവയുടെ തനതു വരവിനങ്ങൾ പൂർണ്ണമായും ടാപ്പു ചെയ്യുന്നതിന് എന്തെല്ലാം നിർദ്ദേശം നൽകിയിട്ടുണ്ട് ;

(ബി) അവയുടെ വരവിനങ്ങൾ യഥാസമയം പിരിച്ചെടുക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) ബ്ലോക്ക് പഞ്ചായത്തിനും ജില്ലാ പഞ്ചായത്തിനും തനതു വരുമാനമുണ്ടോ ;

† അനുബന്ധം III ചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇല്ലായെങ്കിൽ അവയ്ക്ക് തനതുവരുമാനമുണ്ടാകത്തക്കവിധം നിയമത്തിൽ ആവശ്യമായ മാറ്റം വരുത്താത്തതെന്തെന്ന് വിശദീകരിക്കുമോ ;

(എഫ്) മുഴുവൻ വരവിനങ്ങളിൽനിന്നും സമ്പൂർണ്ണ നികുതി പിരിവ് നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തെല്ലാം വിധത്തിലുള്ള പ്രോത്സാഹനം നൽകുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവിധതരത്തിലുള്ള നികുതികൾ ചുമത്തപ്പെടാൻ അർഹതയുള്ളവരും എന്നാൽ നികുതിദായകരല്ലാത്തവരുമായ എല്ലാ വിഭാഗം ആളുകളേയും നികുതി ചുമത്തുന്നുവെന്ന് ഉറപ്പുവരുത്താൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. പാദവാർഷിക, അർദ്ധവാർഷിക, വാർഷിക മീറ്റിംഗുകൾ വിളിച്ചുചേർത്ത് നികുതി/ഫീസ് പിരിവ് പുരോഗതി വിലയിരുത്തുകയും നികുതി പിരിവ് പൂർണ്ണമാക്കുന്നതിന് മതിയായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. പെർഫോർമൻസ് ആഡിറ്റ്, വാർഷിക ആഡിറ്റ് എന്നിവയിലൂടെ നികുതി പിരിവ് പൂർണ്ണമായോയെന്ന് പരിശോധിക്കുകയും വീഴ്ചകൾ കണ്ടെത്തുന്നുവെങ്കിൽ മതിയായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

(ബി) പിഴ ഉൾപ്പെടെ സാധ്യമായ എല്ലാ നിയമാനുസൃത നടപടികളും സ്വീകരിച്ച് നികുതികളും മറ്റും യഥാസമയം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്. നികുതികളൊടുക്കാത്തവർക്കെതിരെ നിയമപ്രകാരം ജപ്തി, പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ച് വരവിനങ്ങൾ പിരിച്ചെടുക്കുന്നുണ്ട്.

(സി) ബാധകമല്ല.

(ഡി) ഇല്ല.

(ഇ) ബ്ലോക്ക് പഞ്ചായത്തിനും ജില്ലാ പഞ്ചായത്തിനും സർക്കാരിൽനിന്നും ഗ്രാന്റ് നൽകുന്നുണ്ട്. കൂടാതെ ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും കൈമാറിയിട്ടുള്ള വസ്തുക്കളിൽനിന്നുമുള്ള വരുമാനം എന്നിവയും ഈ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നുണ്ട്. ജനങ്ങളുടെ നികുതിഭാരം വർദ്ധിക്കുമെന്നതിനാൽ ഇവയ്ക്ക് നികുതി പിരിക്കാൻ അധികാരം നൽകാൻ ഉദ്ദേശിക്കുന്നില്ല.

(എഫ്) എല്ലാ വർഷവും സംസ്ഥാനത്തെ മികച്ച ഗ്രാമപഞ്ചായത്തുകളേയും നഗരസഭകളേയും തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഒരിനമായി 100 ശതമാനം നികുതി പിരിവ് ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly